# ഖുർആനിലെ ശാസ്ത്രസൂചനകങ്ങൾ

jthrees@hotmail.com

## 1. അത്ഭുത പ്രപഞ്ചം

### പ്രാപഞ്ചിക വീക്ഷണങ്ങൾ

പ്രപഞ്ചസൃഷ്ടിപ്പിനെ സംബന്ധിച്ച് രണ്ടു രീതിയിലുള്ള വിലയിരുത്തലുകളാണ് കാണപ്പെടുന്നതെന്ന കാര്യം സൂചിപ്പിച്ചു. പ്രാപഞ്ചിക പ്രതിഭാസങ്ങളെ സംബന്ധിച്ച പഠനം ശരിയായ ദിശയിലൂടെ നീങ്ങുകയും അതിന് പിന്നിൽ ശക്തനായ ഒരു സ്രഷ്ടാവിൻെറ സാന്നിധ്യം ബോധ്യപ്പെടുകയും ചെയ്തതാണ് പ്രഥമം. പ്രപഞ്ചത്തെ സംബന്ധിച്ച പഠനം കേവലം ഭൗതികവീക്ഷണത്തിലൂടെ കാണുകയും തികഞ്ഞ ദൈവനിരാസം വെച്ചുപുലർത്തുകയും ചെയ്തതാണ് മറ്റൊന്ന്. അവരുടെ പഠനം എപ്പോഴും ഭൗതികവീക്ഷണത്തിലൂടെയാണ് മുന്നോട്ട് നീങ്ങിയത്. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവിൻെറ ആവശ്യമില്ല, അത് തനിയെ ഉണ്ടായതാണ്, അത് കേവലം പ്രാപഞ്ചിക പ്രതിഭാസങ്ങളെയും പ്രകൃതിനിയമങ്ങളെയും മാത്രം ആശ്രയിച്ചാണ് ഉണ്ടാകുന്നത്. ഇതാണ് അവരുടെ നിഗമനം.

ഈ രണ്ട് വീക്ഷണവും ആദികാലം മുതൽ തന്നെ നിലവിലുണ്ട്. അതേസമയം പ്രപഞ്ചം എന്താണെന്ന കാര്യത്തിലും പല നിഗമനങ്ങളും കാലാകാലങ്ങളിലായി നിലനിന്നിരുന്നു. പുരാതന ഈജിപ്ഷ്യൻ സംസ്കാരം, ഗ്രീക്ക് സംസ്കാരം, ബാബിലോണിയൻ സംസ്കാരം തുടങ്ങിയ സംസ്കാരങ്ങളിലൊക്കെ പ്രപഞ്ചം എന്താണെന്നും അതിൻെറ മൂലപദാർഥം എന്തുകൊണ്ടുള്ളതാണെന്നും വിലയിരുത്തുകയും ചെയ്തിരുന്നു. മൂലപദാർഥം ജലമാണെന്നും അതല്ല, വായുവാണെന്നും ചിലർ സിദ്ധാന്തിച്ചു. ചിലർ തീ, വെള്ളം, വായു തുടങ്ങിയവയാലാണ് പ്രപഞ്ചസ്രഷ്ടി നടത്തിയതെന്ന് സമർഥിച്ചു. മറ്റു ചിലർ പരമാണുവാകുന്നു പ്രപഞ്ചസൃഷ്ടിപ്പിൻെറ മൂലകാരണമെന്ന് കണ്ടെത്തി. ഓരോ പക്ഷക്കാരും തങ്ങളുടെ വീക്ഷണത്തിനനുസരിച്ച ജീവിതവീക്ഷണം കെട്ടിപ്പടുക്കുകയും ചെയ്തു. 19-20 നൂറ്റാണ്ടുകളോടെ അവസ്ഥകൾ മാറി. ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ പലതും നിലവിൽ വന്നു. അതിൻെറ ചുവടു പിടിച്ച് പ്രപഞ്ചത്തെ സംബന്ധിച്ച പുതിയ പഠനങ്ങളും പുറത്തുവന്നു.

പരമാണുവാകുന്നു പദാർഥത്തിൻെറ അടിസ്ഥാനെമെന്നും പലവിധത്തിലുള്ള പദാർഥങ്ങളാലാണ് പ്രപഞ്ചസംവിധാനമെന്നും 19-ാം നൂറ്റാണ്ടോടുകൂടി സമർഥിക്കപ്പെട്ടു. ഈ വെളിപ്പെടുത്തൽ പരമാണുവാകുന്നു പ്രപഞ്ചത്തിൻെറ മൂലകമെന്ന പൗരാണിക നിഗമനത്തിന് പിൻബലമേകി. 20-ാം നൂറ്റാണ്ടോടുകൂടി അതിന് വീണ്ടും മാറ്റം വന്നു. എന്താണ് പ്രപഞ്ചം, എന്താണ് അതിൻെറ അടിസ്ഥാനം തുടങ്ങിയ വിഷയങ്ങളിലുള്ള പഠനങ്ങളും ഗവേഷണങ്ങളും ഇന്നും അതിൻെറ പരിപൂർണതയിലെത്തിയിട്ടില്ല. ലഭിച്ച വിവരങ്ങൾ പലതും തിരുത്തപ്പെടുകയുമാണ്. ഈ വീക്ഷണങ്ങളും നിഗമനങ്ങളും ഇനിയും വരികയും തിരുത്തപ്പെടുകയും ചെയ്യും. എന്നാൽ അടിസ്ഥാന ശാസ്ത്രം ഖുർആൻെറ പരാമർശങ്ങളെ ശരിവെക്കുന്നു.

### ഉത്ഭവം

ഗോളശാസ്ത്രം ഒട്ടും പരിചിതമല്ലാതിരുന്ന 1400 വർഷങ്ങൾക്കു മുമ്പ് ഖുർആൻ പറഞ്ഞു:

*"ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?"* (21: 30)

പ്രപഞ്ചത്തിൻെറ ഉത്ഭവത്തെ സംബന്ധിച്ച് ഇന്ന് നിലവിലുള്ള സിദ്ധാന്തങ്ങളിൽ പ്രമുഖ വീക്ഷണം ഉഗ്രമായ ഒരു ആദിസ്ഫോടനത്തിൽനിന്നാണ് മുഴുവൻ പ്രപഞ്ചത്തിൻെറയും തുടക്കമെന്നതാണ്. ബിഗ്ബാംഗ് തിയറി എന്ന് അതറിയപ്പെടുന്നു.

ആകാശഗോളങ്ങളും ഭൂമിയും ഒന്നിച്ച് ഒരൊറ്റ ആദിപദാർഥത്തിൻെറ ഭാഗമായിരുന്നുവെന്ന കാര്യം ഇന്ന് ശാസ്ത്രം ഏറെക്കുറെ അംഗീകരിച്ചതാണ്. "അനന്തമായ അളവിൽ സാന്ദ്രമായിരുന്ന ഒരു അവസ്ഥയിൽനിന്നാണ് പ്രപഞ്ചം ഉത്ഭവിച്ചത്. ഏകദേശം ഒരു ഹബ്ൾ സമയം മുമ്പാണ് ഇത് നടന്നത്. സ്പെയ്സും സമയവും പ്രപഞ്ചത്തിലെ മുഴുവൻ പദാർഥങ്ങളും ആ സംഭവത്തോടെയാണ് സൃഷ്ടിക്കപ്പെട്ടത്." (Scientific American 1976)



ബിഗ്ബാംഗ് തിയറി

ഇവിടെ പരാമർശിച്ച ഒട്ടിച്ചേർന്നത്, വേർപെടുത്തൽ തുടങ്ങിയ അർഥങ്ങൾ ലഭിച്ച ഖുർആനിക പദങ്ങളെ സംബന്ധിച്ച വീക്ഷണം ശാസ്ത്രം പുരോഗമിച്ചിട്ടില്ലാതിരുന്ന മുൻകാലങ്ങളിൽ തീർത്തും വ്യത്യസ്തമായിരുന്നു. അതുപോലെ ഭ്രമണപഥത്തെ സംബന്ധിച്ചും വ്യത്യസ്ത വീക്ഷണമാണുണ്ടായിരുന്നത്. ആധുനികശാസ്ത്രമാണ് അവയുടെ ശരിയായ കാഴ്ചപ്പാട് നമുക്ക് വ്യക്തമാക്കിത്തന്നത്.



നബുല

വാതകങ്ങളും സൂക്ഷ്മപദാർഥങ്ങളുമടങ്ങുന്ന പുകപടലത്തിൽ (നബുല) നിന്നാണ് നക്ഷത്രങ്ങൾ പിറവിയെടുത്തതെന്നാണ് ആധുനികശാസ്ത്രം സമർഥിക്കുന്നത്. "പ്രപഞ്ച രഹസ്യം" എന്ന കൃതിയിൽ പറയുന്നു: "മിക്കവാറും ഒരുതരം സാന്ദ്രീകരണപ്രക്രിയയിലൂടെയാണ് നക്ഷത്രങ്ങൾ രൂപംകൊള്ളുന്നത്. ഈ പ്രതിഭാസത്തിന് പിന്നിലുള്ള മുഖ്യശക്തി നെബുലകളിലെ എണ്ണമറ്റ വാതകതന്മാത്രകൾക്കിടയിലും ധൂളീകണങ്ങൾക്കുമിടയിലുംപ്രവർത്തിക്കുന്ന ഗുരുത്വാകർഷണമാകുന്നു. നെബുലയിൽ ഒരു പ്രത്യേക പ്രദേശത്ത് പദാർഥകേന്ദ്രീകരണം നടക്കുമ്പോൾ പ്രാദേശികമായ ഒരു ഗുരുത്വാകർഷണമേഖല ഉരുത്തിരിയാൻ തുടങ്ങുന്നു. ഈ പ്രക്രിയ ത്വരിതപ്പെടുന്നതോടെ ആ പ്രദേശത്തേക്ക് കൂടുതൽ പദാർഥം സമാഹരിക്കപ്പെടുന്നു. ഗുരുത്വാകർഷണ ബലത്താൽ ധൂളികളുടെയും വാതകങ്ങളുടെയും ശേഖരം കൂടിക്കൂടി വരുന്നു." ഇക്കാര്യമാണ് ഖുർആൻ സൂചിപ്പിക്കുന്നതായി നേരത്തെ ഉദ്ധരിച്ചത്.

പ്രപഞ്ചത്തെ സംബന്ധിച്ച ചിന്തയിൽ ആദ്യം തെളിയുന്ന ചിത്രം സൗരയൂഥം തന്നെയാണ്. കാരണം, അതിലെ ചെറിയ ഒരു ഗ്രഹത്തിലാണ് മനുഷ്യരുടെ ആവാസം. 9000 കോടി നാഴിക വിസ്തൃതിയുണ്ട് സൗരയൂഥത്തിന്. എന്നാൽ സൗരയൂഥം പോലെ അനന്തമായ ലോകം ഇനിയുമുണ്ട് ഈ സ്പെയിസിൽ. താരതമ്യേന നോക്കുമ്പോൾ വളരെ ചെറിയ ഒരു ഭാഗത്താണ് സൗരയൂഥം നിലകൊള്ളുന്നത്. അതിൻെറ ചെറിയ ഒരു ഭാഗത്താണ് ഈ ഭൂമി സ്ഥിതി ചെയ്യുന്നത്.

## പ്രപഞ്ചനിർമാണം ഖുർആനിൽ

ഖുർആൻ പറഞ്ഞു:

*"അല്ലാഹുവാകുന്നു നിങ്ങളുടെ നാഥൻ. ആറ് നാളുകളിലായി ആകാശഭൂമികളെ സൃഷ്ടിച്ചവനാകുന്നു അവൻ."* (ത്വാഹാ 4)

ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലായാണ് ഈ സൃഷ്ടിപ്പ് നടന്നതെന്ന് ചില ഖുർആൻ പണ്ഡിതന്മാർ വ്യക്തമാക്കുകയുണ്ടായി.. തതുല്യമായ പരാമർശങ്ങൾ ബൈബിളിലും കാണാം. (ഉല്പത്തി പുസ്തകം 1: 1-31; 2: 1-25

വരെയുള്ള ഭാഗങ്ങൾ കാണുക) എന്നാൽ ഇവിടെ പരാമർശിച്ച ദിനം മനുഷ്യൻ കണക്കാക്കുന്ന 24 മണിക്കൂർ ദൈർഘ്യമുള്ള നാളുകളാണോ അതല്ല, മനുഷ്യന് അപ്രാപ്യമായ ഏതെങ്കിലും ഘട്ടങ്ങളെയാണോ സൂചിപ്പിക്കുന്നതെന്ന കാര്യം അവ്യക്തമാണ്. അതേയവസരം കാലം എന്ന പ്രതിഭാസം മനുഷ്യജീവിതത്തിന് മാത്രം ബാധകമായ ഒരു കാര്യമാണ്. അവനാണല്ലോ അത് എണ്ണിക്കണക്കാക്കുകയും അതിനനുസരിച്ച് തൻെറ കാര്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നത്. അക്കണക്കിന് ഏകദൈവത്തിൻെറ സൃഷ്ടിക്രിയയിലെ കഴിവ് മനുഷ്യനെ ബോധ്യപ്പെടുത്താൻ ഒരു സമയനിർണയം വെച്ചതുമാകാം. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ. ഏകദൈവത്തിങ്കൽ ഒരു ദിനത്തിൻെറ ദൈർഘ്യം നാം എണ്ണിക്കണക്കാക്കുന്ന അമ്പതിനായിരം വർഷത്തിനു തുല്യമാണ്. ഏതായാലും ആറ് നാളുകൾ കൊണ്ട് പ്രപഞ്ചസൃഷ്ടിപ്പ് സാധിച്ചു എന്ന ദൈവിക സൃഷ്ടമാഹാത്മ്യം അവനു മാത്രം അറിയുന്ന രഹസ്യമാകുന്നു.

ഖുർആനിൽ 41-ാം അധ്യായ ത്തിൽ 12-ാം വചനം ഇങ്ങനെ വ്യക്തമാക്കുന്നു.:

*“അപ്പോൾ അവൻ രണ്ടു നാളുകളിലായി അവയെ സപ്തവാനങ്ങളായി സംവിധാനിക്കുകയും അതിൻെറ നിയമങ്ങൾ ബോധനം നല്കുകയും ചെയ്തു. സമീപ വാനത്തെ നാം ദീപാലംകൃതമാക്കി, തികച്ചും സുരക്ഷിതവുമാക്കി. അതൊക്കെയും സർവജ്ഞനായ സർവശക്തൻെറ ആസൂത്രണമത്രെ.”*

*“അവനത്രെ ആകാശലോകങ്ങളെയും ഭൂമിയെയും ആറ് നാളുകളിലായി സൃഷ്ടിച്ചത്. അതിനു മുമ്പ് അവൻെറ സിംഹാസനം ജലത്തിനു മീതെയായിരുന്നു.”* (അധ്യായം 11: 7)

## സൗരയൂഥം



സൂര്യനും അതിനെ ഭ്രമണം ചെയ്യുന്ന കുറേ ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ധൂമകേതുക്കളും ഉൽക്കകളും ഉൽക്കാപിണ്ഡങ്ങളും ക്ഷുദ്രഗ്രഹങ്ങളും ചേർന്നതാണ് സൗരയൂഥ വ്യവസ്ഥ. ഗ്രഹങ്ങൾ ഓരോന്നും അവയുടെ ഉപഗ്രഹങ്ങളുമായി അവയ്ക്ക് നിശ്ചയിക്കപ്പെട്ട ഭ്രമണപഥങ്ങളിൽ സൂര്യനു ചുറ്റും നീന്തിക്കൊണ്ടിരിക്കുന്നു. ഈ വേഗത സൂര്യനോട് അടുക്കുംതോറും കൂടുകയും അകലുംതോറും കുറയുകയും ചെയ്യും.

ഗ്രഹങ്ങളെ സംബന്ധിച്ച പഠനം ഇന്നും തുടരുകയാണ്. മനുഷ്യബുദ്ധിക്ക് തീർച്ച പറയാനാകാത്ത അവസ്ഥയാണതിനുള്ളത്. കൂടുതൽ അന്വേഷണം തുടരും തോറും പുതിയ കണ്ടെത്തലുകൾ നടക്കുന്നുമുണ്ട്. നക്ഷത്രക്കൂട്ടങ്ങളെ കണ്ടുപിടിച്ച പുതിയ ശാസ്ത്രവാർത്തകൾ നാം ഇടയ്ക്കിടെ വായിക്കാറുള്ളതാണ്.

സൂര്യനിൽനിന്ന് ഒരു ക്രമത്തിലുള്ള കണക്കനുസരിച്ചാണ് ഗ്രഹങ്ങളെ ദൈവം സ്ഥാപിച്ചിരിക്കുന്നത്. നെപ്ട്യൂൺ അല്ലാത്ത ഗ്രഹങ്ങളൊക്കെ പ്രത്യേക അളവനുസരിച്ചുള്ള ദൂരത്താണ് നിലകൊള്ളുന്നത്. ഈ സംവിധാനരീതി യുക്തിമാനും സർവശക്തനുമായ ഒരു സ്രഷ്ടാവിൻെറ നിർമാണവൈഭവമാണ് വിളിച്ചോതുന്നത്.

അത്ഭുതങ്ങളുടെയും വിസ്മയങ്ങളുടെയും വൈഭവരംഗമാണ് പ്രപഞ്ചം. അതിർത്തി കാണാനാകാത്ത അനന്തമായ ഈ ആകാശമേലാപ്പിനു ചുവട്ടിൽ കത്തിജ്വലിക്കുന്ന സൂര്യനും കുറേ താരകങ്ങളും എന്നതാണ് പ്രപഞ്ചത്തെ സംബന്ധിച്ച നമ്മുടെ സങ്കല്പം. കാണുന്നതിനെക്കാൾ അനേകം മടങ്ങാണ് നമുക്ക് ദർശിക്കാനാകാത്ത പ്രപഞ്ചവസ്തുക്കൾ. അവയിൽ ചിലതിനെ നമുക്ക് ഉപകരണങ്ങളുടെ സഹായത്തോടെ കാണാം. ചിലതിനെ കാണാൻ സാധിക്കുകയില്ല. നമ്മുടെ അറിവിനപ്പുറം ഇനിയും എത്രയോ കാര്യങ്ങൾ കണ്ടുപിടിക്കാനിരിക്കുന്നു. ഈ സംഗതികളെല്ലാം കണ്ടിട്ടും ഒരു സ്രഷ്ടാവില്ലാതെയാണ് പ്രപഞ്ചം ഉണ്ടായതെന്ന് പറയാൻ സാധിക്കുന്നതെങ്ങനെ?

ചില നക്ഷത്രങ്ങളുടെ പ്രകാശം കോടിക്കണക്കിന് വർഷങ്ങൾക്കുമുമ്പ് അവയിൽ നിന്ന് പുറപ്പെട്ടിട്ടുണ്ട്. പക്ഷേ, അത് ഇനിയും ഭൂമിയിൽ എത്തിയിട്ടില്ല. എന്നുവെച്ചാൽ

ഈ ക്ഷീരപഥത്തിൻെറ അതിർത്തിയും പരിധിയും ആർക്കാണ് നിശ്ചയിക്കാൻ സാധിക്കുക?

## ക്ഷീരപഥം



ഏതാണ്ട് പതിനായിരം കോടി നക്ഷത്രങ്ങളുണ്ട് ക്ഷീരപഥത്തിൽ. മൂന്നുകോടി സൂര്യന്മാരുണ്ടതിൽ. അതിൻെറ ഒരു ചെറിയ കോണിലാണ് നമ്മുടെ സൗരയൂഥം സ്ഥിതിചെയ്യുന്നത്. ലക്ഷം പ്രകാശവർഷമാണ് ക്ഷീരപഥത്തിൻെറ വ്യാസം. അതായത്, അറുനൂറ് മില്യൻ ബില്യൻ നാഴിക. നക്ഷത്രങ്ങൾ മാത്രമല്ല ക്ഷീരപഥത്തിലു ള്ളത് ഭീമാകാരങ്ങളായ പലതരത്തിലുള്ള മേഘപാളികളും പരമാണുക്കളും തന്മാത്രകളും ധൂളീകണങ്ങളുമടങ്ങിയ നബുലകളുമുണ്ടതിൽ. ഇരുപത് ലക്ഷം നബുലകളുണ്ട് എന്നാണ് കണക്ക്. ഏറ്റവും അടുത്ത നബുലയുടെ പ്രകാശം 10 ലക്ഷം വർഷം കൊണ്ടാണ് ഭൂമിയിലെത്തുന്നത്. ചുരുക്കത്തിൽ പ്രപഞ്ചം മുഴുവൻ എത്രമാത്രം ഉണ്ടെന്ന് പറയാൻ നമുക്ക് സാധ്യമല്ല. ഏക ദൈവത്തിൻെറ സാമ്രാജ്യത്തിലെ വളരെ അടുത്തതും ചെറുതുമായ ഒരു സ്ഥലം മാത്രമേ നമുക്കിന്ന് കാണാൻ സാധിച്ചിട്ടുള്ളു.


ഗാലക്സി ഗ്രൂപ്പ്

ഈ ദൃശ്യപ്രപഞ്ചത്തിനു പുറമെ സൂക്ഷ്മപ്രപഞ്ചവും നമ്മുടെ മുമ്പിലുണ്ട്. ആറ്റങ്ങളുടെയും കണങ്ങളുടെയും വാതകങ്ങളുടെയും മഹാവിസ്മയമാണ് നമുക്കവിടെ കാണാൻ സാധിക്കുക.

പറഞ്ഞല്ലോ, സൗരയൂഥം മൊത്തത്തിൽ ചെറിയ ഒരു ഭാഗത്ത് മാത്രം ഒതുങ്ങുമാറ് ചെറുതാണെന്ന്. ലക്ഷക്കണക്കിന് നക്ഷത്ര സമൂഹങ്ങൾ ഉൾക്കൊള്ളുന്ന വൻനക്ഷത്ര ശൃംഖലകളും ഭീമാകാരങ്ങളായ ധൂളിമേഘങ്ങളും ചേർന്ന നെബുലകളും അടങ്ങിയതാണല്ലോ നമുക്ക് പ്രപഞ്ചം. അതിനെക്കാൾ എത്രയോ ആയിരക്കണക്കിന് മടങ്ങ് വലുതാണ് പ്രപഞ്ച വിസ്തൃതി. നമ്മുടെ സൂര്യനെപ്പോലെ ഒരു മില്യൻ സൂര്യന്മാരുണ്ട് ബഹിരാകാശത്തിൽ. ഓരോ നക്ഷത്രത്തിനും അനേകായിരം ഗ്രഹങ്ങളും ഉപഗ്രഹങ്ങളും. എന്നു വരുമ്പോൾ ഈ പ്രപഞ്ചത്തിൻെറ പരിധിയും അതിർത്തിയും കണക്കാക്കാൻ ആർക്കാണ് സാധിക്കുക? ഖുർആൻ പറഞ്ഞതിങ്ങനെ:

*"മനുഷ്യസൃഷ്ടിയെക്കാൾ ഗുരുതരമാണ് ആകാശ ഭൂമികളുടെ സൃഷ്ടിപ്പ്."* (ഗാഫിർ: 57)
ഖുർആൻ പറഞ്ഞു:

## പ്രപഞ്ചവികാസം ഖുർആനിൽ

ഖുർആൻ പറഞ്ഞു:

*"ആകാശമാകട്ടെ, നാമതിനെ ബലിഷ്ഠഹസ്തത്താൽ നിർമിച്ചിരിക്കുന്നു. തീർച്ചയായും നാമതിനെ വികസിപ്പിച്ചെടുക്കുന്നവനുമാകുന്നു."* (അദ്ദാരിയാത്: 47)

ശാസ്ത്രവിജ്ഞാനീയങ്ങളെ സംബന്ധിച്ച ചിന്ത പോലുമില്ലാതിരുന്ന ഒരു കാലത്ത് നിരക്ഷരനായ ഒരു പ്രവാചകനിലൂടെ ഖുർആൻ ലോകത്തോട് പറഞ്ഞ ഈ പരാമർശം ആധുനികശാസ്ത്രത്തിന് അടിസ്ഥാനവിഷയമാണ്. ഊതിവീർപ്പിക്കപ്പെടുന്ന ബലൂൺ പോലെ ഈ പ്രപഞ്ചം വികസിക്കുകയാണ്. അതിനാൽ തന്നെ നക്ഷത്രങ്ങൾ തമ്മിലുള്ള ദൂരം ഏറിവരികയാണ്. ഗാലക്സികളും നെബുലകളും പരസ്പരം അകന്നുകൊണ്ടിരിക്കുന്നു. അവയുടെ വേഗത, നാം കണ്ണ് ചിമ്മിതുറക്കുമ്പോഴേക്ക് അനേകം ലക്ഷം മൈൽ അകലെയായിരിക്കും. ഈ വികാസം കാരണം നക്ഷത്രങ്ങളുടെ ഗുരുത്വാകർഷണവും വർധിച്ചുകൊണ്ടിരിക്കുന്നു.

ഇത് ഏകദൈവത്തിൻെറ സൃഷ്ടിപദ്ധതി ഒന്നുമാത്രമാണ്. ഖുർആൻ പറഞ്ഞു: "അവൻ എന്നും പുതിയ സൃഷ്ടിക്രിയയിലാണ്." അതിനാൽ തന്നെ ഈ പ്രപഞ്ചത്തെ ഇന്നുള്ള അവസ്ഥയിൽനിന്ന് മാറ്റി എല്ലാറ്റിനെയും ഉൾക്കൊള്ളുമാറ് വികസിപ്പിക്കേണ്ടത് ആവശ്യമാണ്.

ഇനി നാമൊന്ന് ചിന്തിക്കുക: നമുക്ക് ഇതുവരെ കണ്ടെത്താനും മനസ്സിലാക്കാനും സാധിച്ചിട്ടുള്ള അത്യത്ഭുതകരമായ ഈ പ്രപഞ്ചത്തിൽ, കോടിക്കണക്കിന് നക്ഷത്ര സമൂഹങ്ങൾ നിറഞ്ഞ കോടിക്കണക്കിന് ഗാലക്സികളുണ്ടെന്നും അതുപോലുള്ള ഒട്ടേറെ നക്ഷത്രലോകങ്ങൾ വേറെയും ഉൾക്കൊണ്ടിട്ടുള്ള സ്പേസാണ് ഉപരിലോകത്ത് സംവിധാനിച്ചതെന്നും അവയൊക്കെ യുക്തവും കണിശവുമായ ഒരു നിയന്ത്രണത്തിന് വിധേയമായാണ് ചലിക്കുന്നതെന്നും വന്നാൽ അതിനു പിന്നിൽ ഒരു ശക്തി ഇല്ലെന്ന വാദം എത്രമാത്രം ബുദ്ധിപൂർവകമാകും?